**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3302** **14.10.2011-ൽ മറുപടിയ്ക്ക്**

**കിനാലൂർ വ്യവസായ കേന്ദ്രത്തിലെ വൈദ്യുതി സബ് സ്റ്റേഷൻ.**

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) ബാലുശ്ശേരിയിലെ കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിൽ വൈദ്യുതി ലഭ്യമാക്കുകന്നതിന് കെ. എസ്. ഐ. ഡി. സി. എത്ര തുക കെ. എസ്. ഇ. ബി.ക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ; | (എ) 11,00,500 രൂപ. |
| (ബി) പ്രസ്തുത തുക വിനിയോഗിച്ച് എന്ത് പ്രവൃത്തിയാണ് നടത്തുന്നത് ; | (ബി) ഒരു 11 കെ. വി ഫീഡർ സ്ഥാപിക്കുന്നതിനാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്. |
| (സി) വ്യവസായ കേന്ദ്രത്തിന് സമീപത്തുകൂടി കടന്നുപോകുന്ന കക്കയം - ചേവായൂർ 220 കെ. വി ലൈനിനോട് ചേർന്ന് കെ. എസ്. ഐ. ഡി. സി ലഭ്യമാക്കിയ ഭൂമിയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ; | (സി) 110 കെ. വി കിനാലൂർ സബ്സ്റ്റേഷൻ ഭരണാനുമതി നൽകുന്നതു സംബന്ധിച്ച് രേഖകൾ പരിശോധിച്ചു വരുന്നു. സബ്സ്റ്റേഷൻ നിർമ്മിക്കാൻ 2 ഏക്കർ സ്ഥലം പാട്ട വ്യവസ്ഥയിൽ 90 വർഷത്തേയ്ക്ക് തരാമെന്ന് കെ. എസ്. ഐ. ഡി. സി. സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള നിബന്ധനകൾ കൂടുതൽ വിശദമാക്കാനായി കെ. എസ്. ഐ. ഡി. സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രസ്തുത തുക വിനിയോഗിച്ച് കേവലം 11 കെ. വി. ലൈൻ മാത്രം വലിക്കുക എന്ന നിർദ്ദേശം പുന:പരിശോധിക്കുമോ ? | (ഡി) 11 കെ. വി ഫീഡർ സ്ഥാപിക്കാനാവശ്യമായ തുക മാത്രമാണ് കെ. എസ്. ഐ. ഡി. സി. അടച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.